1. സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് മുന്നേറ്റം. തിരുവനന്തപുരം നഗരസഭയിൽ എൻ.ഡി.എക്ക് ലീഡ്.

2. 3 കോർപറേഷനുകളിലും 36 മുനിസിപ്പാലിറ്റികളിലും യു.ഡി.എഫിന് മേൽക്കൈ. കോഴിക്കോട് നഗരസഭയിലും 14 മുനിസിപ്പാലിറ്റികളിലും എൽ.ഡി.എഫ് മുന്നിൽ.

3. പഞ്ചായത്തുകളിൽ 230 ഇടത്ത് യു.ഡി.എഫിന് ലീഡ്. 188 സ്ഥലങ്ങളിൽ ഇടതുമുന്നേറ്റം. 3 പഞ്ചായത്തുകളിൽ ലീഡുമായി എൻ.ഡി.എ.

4. ജില്ലാ പഞ്ചായത്തുകളിൽ എൽ.ഡി.എഫും യു.ഡി.എഫും ഒപ്പത്തിനൊപ്പമെന്ന് അവസാന റിപ്പോർട്ട്. 66 ബ്ലോക്കിൽ യു.ഡി.എഫ് 52 ഇടത്ത് എൽ.ഡി.എഫ്.

5. ലക്ഷദ്വീപ് ഭരണകൂടവുമായി സഹകരിച്ച് ഫിഷറീസ് വകുപ്പ് സംഘടിപ്പിക്കുന്ന നിക്ഷേപക സംഗമം ഇന്ന് ബംഗാരം ദ്വീപിൽ നടക്കും. കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് മുഖ്യാതിഥിയാകും.

RNU TVPM

## തദ്ദേശ തിരഞ്ഞെടുപ്പ് ജനറൽ

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ യുഡിഎഫ് മുന്നേറ്റം. 6 കോർപറേഷനുകളിൽ 3 ഇടത്ത് യുഡിഎഫും കോഴിക്കോട്ട് എൽഡിഎഫും മുന്നേറുന്നു. തിരുവനന്തപുരത്ത് എൻ ഡി എ ക്കാണ് മുന്നേറ്റം. 36 മുനിസിപ്പാലിറ്റികളിൽ യുഡിഎഫും 14 ഇടത്ത് എൽഡിഎഫും ലീഡ് ചെയ്യുന്നു. 14 ജില്ലാ പഞ്ചായത്തുകളിൽ എൽഡിഎഫും യു.ഡി.എഫും ഒപ്പത്തിനൊപ്പമാണ്. 941ഗ്രാമപഞ്ചായത്തുകളിൽ 188 ഇടത്ത് എൽഡിഎഫും, 230 ഇടത്ത് യുഡിഎഫും ലീഡ് ചെയ്യുന്നു 3 പഞ്ചായത്തുകളിൽ എൻ ഡി എക്കാണ് മുന്നേറ്റം. ആകെയുള്ള 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 66 ഇടത്ത് യു.ഡി.എഫും എൽ.ഡി.എഫും 52 ഇടത്തുമാണ് മുന്നേറുന്നത്.

*****************************

## തിരുവനന്തപുരം (ഇൻട്രോ)

കഴിഞ്ഞതവണ ഏറെ ശ്രദ്ധേയമായ രാഷ്ട്രീയ സാഹചര്യങ്ങൾക്ക് സാക്ഷ്യം വഹിച്ച ജില്ലയായിരുന്നു **തിരുവനന്തപുരം. ജനവിധിയുടെ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി ചേരുന്നു........രജു....**

**1)വോട്ടെണ്ണൽ പുരോഗമിക്കുമ്പോൾ തിരുവനന്തപുരം കോർപറേഷന്റെ സ്ഥിതി എന്താണ്?**

**2) ജില്ലയിലെ മറ്റിടങ്ങളിലെ ലീഡ് നില എപ്രകാരമാണ്?**

*****************************

## കൊല്ലം

കൊല്ലം കോർപ്പറേഷനിൽ UDF 18 വാർഡുകളിലും LDF 13 വാർഡുകളിലും NDA 9 വാർഡുകളിലും സ്വതന്ത്ര സ്ഥാനാർത്ഥി ഒരു വാർഡിലും ലീഡ് ചെയ്യുന്നു. ജില്ലയിലെ നാല്

RNU TVPM

നഗരസഭകളിൽ മൂന്നിടത്ത് എൽഡിഎഫ് മുന്നേറുന്നു. 11 ബ്ലോക്ക് പഞ്ചായത്തുകളിൽ 8 ഇടത്ത് എൽഡിഎഫും 2 ഇടത്ത് യുഡിഎഫും ലീഡ് ചെയ്യുന്നു. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ 35 ഇടത്ത് എൽഡിഎഫും 23 ഇടത്ത് യുഡിഎഫും മുന്നിലാണ്.
*****************************

## പത്തനംതിട്ട

പത്തനംതിട്ട ജില്ലയിലെ നാല് നഗരസഭകളിൽ മൂന്ന് ഇടത്ത് യുഡിഎഫും ഒരിടത്ത് എൽഡിഎഫും ലീഡ് ചെയ്യുന്നു. 8 ബ്ലോക്ക് പഞ്ചായത്തുകളിൽ 7 ഇടത്ത് യുഡിഎഫും ലീഡ് ചെയ്യുന്നു. ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകളിൽ 34 ഇടത്ത് യുഡിഎഫും 11 ഇടത്ത് എൽഡിഎഫും മുന്നിലാണ്.
*****************************

## ആലപ്പുഴ

ആലപ്പുഴ ജില്ലയിലെ ആറ് നഗരസഭകളിൽ ഒരിടത്ത് എൽഡിഎഫും 5 ഇടത്ത് യുഡിഎഫും മുന്നേറുന്നു. 12 ബ്ലോക്ക് പഞ്ചായത്തുകളിൽ 8 ഇടത്ത് എൽഡിഎഫും 3 ഇടത്ത് യുഡിഎഫും ലീഡ് ചെയ്യുന്നു. ജില്ലയിലെ 72 ഗ്രാമപഞ്ചായത്തുകളിൽ 40 ഇടത്ത് എൽഡിഎഫും 19 ഇടത്ത് യുഡിഎഫും മുന്നിലാണ്.
*****************************

## കോട്ടയം

കോട്ടയത്തെ ആറ് നഗരസഭകളിൽ 4 ഇടത്ത് യുഡിഎഫ് മുന്നേറുന്നു. ഒരിടത്ത് എൽഡിഎഫ്. 11 ബ്ലോക്ക് പഞ്ചായത്തുകളിൽ 9 ഇടത്ത് യുഡിഎഫും രണ്ടിടത്ത് എൽഡിഎഫും ലീഡ് ചെയ്യുന്നു. ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളിൽ 41 ഇടത്ത് യുഡിഎഫും 23 ഇടത്ത് എൽഡിഎഫും മുന്നിലാണ്.
*****************************

## ഇടുക്കി

RNUTVPM

ഇടുക്കിയിലെ രണ്ട് നഗരസഭകളിലും യുഡിഎഫ് മുന്നേറുന്നു. 8 ബ്ലോക്ക് പഞ്ചായത്തുകളിൽ 7 ഇടത്ത് യുഡിഎഫ് ലീഡ് ചെയ്യുന്നു. ജില്ലയിലെ 52 ഗ്രാമപഞ്ചായത്തുകളിൽ 35 ഇടത്ത് യുഡിഎഫും 13 ഇടത്ത് എൽഡിഎഫും മുന്നിലാണ്.
*****************************

## എറണാകുളം

കൊച്ചി കോർപ്പറേഷനിൽ യുഡിഎഫ് മുന്നിലാണ്. 13 നഗരസഭകളിൽ 12 ഇടത്ത് യുഡിഎഫ് മുന്നേറുന്നു. ത്രിപ്പൂണിത്തുറയിൽ എൻഡിഎ മുന്നിലാണ്. 14 ബ്ലോക്ക് പഞ്ചായത്തുകളിൽ 12 ഇടത്ത് യുഡിഎഫും ഒരിടത്ത് എൽഡിഎഫും ലീഡ് ചെയ്യുന്നു. ജില്ലയിലെ 82 ഗ്രാമപഞ്ചായത്തുകളിൽ 58 ഇടത്ത് യുഡിഎഫും 12 എൽഡിഎഫും മുന്നിലാണ്.
*****************************

## തൃശ്ശൂർ

തൃശൂർ കോർപ്പറേഷനിൽ 56 സീറ്റുകളിൽ UDF 33 വാർഡുകളിലും LDF-11 ഇടത്തും NDA-8 ഇടത്തും ലീഡ് ചെയ്യുന്നു. ഏഴ് നഗരസഭകളിൽ 5 ഇടത്ത് എൽഡിഎഫും 2 ഇടത്ത് യുഡിഎഫും മുന്നേറുന്നു. 16 ബ്ലോക്ക് പഞ്ചായത്തുകളിൽ 11 ഇടത്ത് എൽഡിഎഫും 5 ഇടത്ത് യുഡിഎഫും ലീഡ് ചെയ്യുന്നു. ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളിൽ 49 ഇടത്ത് എൽഡിഎഫും 29 ഇടത്ത് യുഡിഎഫും 1 ഇടത്ത് എൻഡിഎയും മുന്നിലാണ്.
*****************************

## പാലക്കാട് (ഇൻട്രോ)

കഴിഞ്ഞതവണ ഇടതുപക്ഷത്തിന് വ്യക്തമായ മേൽകൈ ലഭിച്ച ജില്ലയായിരുന്നു പാലക്കാട്. ഇത്തവണ ശക്തമായ മത്സരമാണ് ജില്ലയിൽ നടന്നത്. **ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ചേരുന്നു........ ഫൈസൽ അലി മുത്ത്....**
**പാലക്കാട്ടെ ഫലം എപ്രകാരമാണ്...ആർക്കാണ് മുൻതൂക്കം....?**

RNU TVPM

****************************

## മലപ്പുറം

മലപ്പുറം ജില്ലയിൽ യുഡിഎഫിന് മേൽക്കൈ. 12 നഗരസഭകളിൽ 11 ഇടത്ത് യുഡിഎഫ് മുന്നേറ്റം. ഒരിടത്ത് എൽഡിഎഫും മുന്നേറുന്നു. 15 ബ്ലോക്ക് പഞ്ചായത്തുകളിൽ യുഡിഎഫ് ലീഡ് ചെയ്യുന്നു. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ 86 സീറ്റിൽ യുഡിഎഫും 5 എണ്ണത്തിൽ എൽഡിഎഫും മുന്നിലാണ്.

****************************

## കോഴിക്കോട്

കോഴിക്കോട് കോർപ്പറേഷനിൽ LDF 30 വാർഡുകളിലും

UDF 22 വാർഡുകളിലും NDA 13 വാർഡുകളിലും ലീഡ് ചെയ്യുന്നു. ജില്ലയിലെ നഗരസഭകളിൽ 3 ഇടത്ത് എൽഡിഎഫും 4 ഇടത്ത് യുഡിഎഫും മുന്നേറുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ 7 ഇടത്ത് എൽഡിഎഫും 4 ഇടത്ത് യുഡിഎഫും ലീഡ് ചെയ്യുന്നു. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ 30 ഇടത്ത് എൽഡിഎഫും 34 ഇടത്ത് യുഡിഎഫും മുന്നിലാണ്.

RNU TVPM

****************************

## വയനാട്

വയനാട് ജില്ലയിൽ യുഡിഎഫ് മുന്നേറ്റം തുടരുന്നു. 3 നഗരസഭകളിൽ 2 ഇടത്ത് യുഡിഎഫും ഒരിടത്ത് എൽഡിഎഫും മുന്നേറുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ 4 ഇടത്ത് യുഡിഎഫ് വിജയം ഉറപ്പിച്ചു. ജില്ലയിലെ 23 ഗ്രാമപഞ്ചായത്തുകളിൽ 15 ഇടത്ത് യുഡിഎഫും 5 ഇടത്ത് എൽഡിഎഫും മുന്നേറുന്നു.

****************************

## കണ്ണൂർ

കണ്ണൂർ നഗരസഭയിൽ ലീഡ് നിലനിർത്തി UDF. 56 വാർഡുകൾ ഉള്ളതിൽ 36 ഇടത് UDF ഉം LDF 15 ഇടത്തും

നാലിടത്ത് NDA ഉം ലീഡ് ചെയ്യുന്നു. ജില്ലയിലെ നഗരസഭകളിൽ 5 ഇടത്ത് എൽഡിഎഫും 3 ഇടത്ത് യുഡിഎഫും മുന്നേറുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ 7 ഇടത്ത് എൽഡിഎഫും 3 ഇടത്ത് ലീഡ് ചെയ്യുന്നു. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ 47 ഇടത്ത് എൽഡിഎഫും 19 ഇടത്ത് യുഡിഎഫും മുന്നിലാണ്.
*****************************

## കാസർഗോഡ് (ഇൻട്രോ)

സംസ്ഥാനത്തെ വടക്കേ അറ്റത്തെ ജില്ലയായ കാസർകോട് നിന്നുള്ള ജനവിധിയുടെ തത്സമയ വിവരങ്ങളുമായി **ആകാശവാണി ജില്ലാ പ്രതിനിധി ചേരുന്നു പി ജഗന്നിവാസൻ ചേരുന്നു. ജഗന്നിവാസൻ,**
**കാസർഗോട്ട് എങ്ങനെയാണ് ജനവിധി? മുനിസിപ്പാലിറ്റികളിൽ വ്യക്തമായ മേൽക്കൈ നേടാൻ ഏതെങ്കിലും മുന്നണിക്ക് കഴിഞ്ഞിട്ടുണ്ടോ?**
*****************************

## ഭരണ സമിതി കാലാവധി

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭ ഒഴികെ 1,199 സ്ഥാപനങ്ങളിലേക്കാണ് ഇത്തവണ തിരെഞ്ഞെടുപ്പ് നടന്നത്. മട്ടന്നൂർ നഗരസഭയുടെ കാലാവധി 2027 സെപ്റ്റംബർ 10-ന് മാത്രമേ അവസാനിക്കൂ. മറ്റു തദ്ദേശ സ്ഥാനപങ്ങളിലെ ഭരണസമിതിയുടെ കാലാവധി ഡിസംബർ 20-ന് അവസാനിക്കും.
*****************************

## 2020 തിരഞ്ഞെടുപ്പ്

2020 ൽ നടന്ന തദ്ദേശ തിരഞ്ഞെടുപ്പിൽ എൽ ഡി എഫിനായിരുന്നു മേൽക്കൈ. 941 ഗ്രാമപഞ്ചായത്തുകളിൽ 514 എണ്ണം എൽഡിഎഫും, 375 എണ്ണം യുഡിഎഫും 23 എണ്ണം എൻ ഡി എയും നേടി. 6 കോർപറേഷനുകളിൽ 5 ഇടത്ത് എൽഡിഎഫും ഒരിടത്ത് യുഡിഎഫും വിജയിച്ചു. 86

RNU TVPM

മുനിസിപ്പാലിറ്റികളിൽ 43 എണ്ണം എൽഡിഎഫും 41 എണ്ണം യുഡിഎഫും നേടി. എൻ ഡി എ 2 ഇടത്ത് വിജയിച്ചു.
****************************

## വോട്ടെണ്ണൽ-നിർദേശങ്ങൾ

തിരഞ്ഞെടുപ്പ് വിജയാഹ്ളാദപ്രകടനങ്ങളിൽ സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും മിതത്വം പാലിക്കണമെന്നു സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷൻ. ഡിസംബർ 18 വരെ മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുണ്ട്. ഹരിതച്ചട്ടവും, ശബ്ദനിയന്ത്രണ, പരിസ്ഥിതി നിയമങ്ങളും ആഹ്ളാദപ്രകടനങ്ങളിൽ കർശനമായി പാലിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.
****************************

## തിരഞ്ഞെടുപ്പ് - വോട്ടർമാർ

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ ഏറ്റവുമധികം വോട്ടർമാരാണ് ഇത്തവണ വോട്ട് ചെയ്തത്. കഴിഞ്ഞ തവണത്തേക്കാൾ 73,866 വോട്ടുകളാണ് അധികമായി പോൾ ചെയ്തതെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ വ്യക്തമാക്കി. 73.69 ശതമാനം പോളിംഗാണ് ഇത്തവണ രേഖപ്പെടുത്തിയത്.
****************************

RNUPM

## എതിരില്ലാതെ വിജയിച്ചു

കാസർകോട് മംഗൽപാടി, മടിക്കൈ ഗ്രാമ പഞ്ചായത്തുകളിലെ ഓരോ വാർഡിലും, കണ്ണൂർ ആന്തൂർ മുനിസിപ്പാലിറ്റിയിലെ 5 വാർഡുകളിലും, കണ്ണപുരം, മലപ്പട്ടം ഗ്രാമപഞ്ചായത്തുകളിലായി 9 വാർഡുകളിലും സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. മലപ്പുറം മൂത്തേടം ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡായ പായ്പ്പാടം, തിരുവനന്തപുരം കോർപറേഷനിലെ വിഴിഞ്ഞം വാർഡ്, പിറവം പാമ്പാക്കുട പഞ്ചായത്ത് പത്താം വാർഡ്

എന്നിവിടങ്ങളിലെ സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവെച്ചിരുന്നു.
******************************

## തിരഞ്ഞെടുപ്പ് ഫലം

തദ്ദേശ തിരഞ്ഞെടുപ്പ് ഫലം കൃത്യവും സമഗ്രവുമായി ജനങ്ങളിലെത്തിക്കാനുള്ള സംവിധാനങ്ങളാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കിയിട്ടുള്ളത്. കമ്മീഷന്റെ 'ട്രെൻഡ്' വെബ്സൈറ്റിൽ നിന്നും ഫലം തത്സമയം അറിയാം. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളുടെയും ഫലം ജില്ലാ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ തിരിച്ച് ഒറ്റ നോട്ടത്തിൽ മനസിലാകുന്ന വിധം സൈറ്റിൽ ലഭ്യമാകും.
******************************

## പ്രത്യേക വാർത്താ പ്രക്ഷേപണം

തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലുമായി ബന്ധപ്പെട്ട് പ്രത്യേക വാർത്താ ബുള്ളറ്റിനുകൾ ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം പ്രക്ഷേപണം ചെയ്യും. പതിവ് ബുള്ളറ്റിനുകൾക്ക് പുറമേ, ഉച്ചയ്ക്ക് ശേഷം 2.30, 3.30, 4.30 എന്നീ സമയങ്ങളിൽ അഞ്ചു മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റിനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
******************************

## ലക്ഷദ്വീപ് - നിക്ഷേപക സംഗമം

ലക്ഷദ്വീപ് ഭരണകൂടവുമായി സഹകരിച്ച് ഫിഷറീസ് വകുപ്പ് സംഘടിപ്പിക്കുന്ന നിക്ഷേപക സംഗമം ഇന്ന് ബംഗാരം ദ്വീപിൽ നടക്കും. കേന്ദ്രമന്ത്രിമാരായ രാജീവ് രഞ്ജൻ സിംഗ്, എസ്.പി. സിംഗ് ബാഗേൽ, ജോർജ് കുര്യൻ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ അടക്കം നിരവധി പേർ സംഗമത്തിൽ പങ്കെടുക്കും. ലക്ഷദ്വീപിന്റെ മത്സ്യബന്ധന

RNU TVPM

സാധ്യതകൾ തുറക്കുന്നതിനൊപ്പം ദ്വീപ് വികസനത്തിനുമുള്ള സുപ്രധാനമായ ചുവടുവയ്പ്പാണ് നിക്ഷേപക സംഗമം.

*****************************

## ശബരിമല (ഇൻട്രോ)

ശബരിമലയിൽ ഈ മാസം 26 ന് തങ്കയങ്കി ചാർത്തി ദീപാരാധന നടക്കും. ആറന്മുളയിൽ നിന്ന് 23 ന് തങ്കയങ്കി ഘോഷയാത്ര സന്നിധാനത്തേയ്ക്ക് തിരിക്കും. ജനുവരി 14 നാണ് മകരവിളക്ക് മഹോത്സവം നടക്കുക.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

*****************************

## പാർലമെന്റ് ആക്രമണം

പാർലമെന്റ് ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച സുരക്ഷാ ഉദ്യോഗസ്ഥർക്കും ജീവൻ നഷ്ടപ്പെട്ടവർക്കും ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. 24 വർഷങ്ങൾക്ക് മുമ്പ് 2001 ഡിസംബർ 13 നാണ് പാർലമെന്റ് ആക്രമിക്കപ്പെട്ടത്. രക്തസാക്ഷിത്വം വഹിച്ചവരുടെ ധീരതയെയും ത്യാഗത്തെയും രാജ്യം എല്ലാ കാലത്തും സ്മരിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു സമൂഹമാധ്യമത്തിൽ കുറിച്ചു. ഉപരാഷ്ട്രപതിസി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാർ, ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ പാർലമെന്റ് മന്ദിരത്തിൽ പുഷ്പാർച്ചന നടത്തി.

*****************************

## ഇടുക്കി (ഇൻട്രോ)

തദ്ദേശതിരഞ്ഞെടുപ്പിൽ ഇടുക്കിയിലെ രണ്ട് നഗരസഭകളിൽ ഒരിടത്ത് യുഡിഎഫ് മുന്നേറുന്നു. 8 ബ്ലോക്ക് പഞ്ചായത്തുകളിൽ 6 ഇടത്ത് യുഡിഎഫ് ലീഡ് ചെയ്യുന്നു. ജില്ലയിലെ 52 ഗ്രാമപഞ്ചായത്തുകളിൽ23 ഇടത്ത് യുഡിഎഫും 8 ഇടത്ത് എൽഡിഎഫും മുന്നിലാണ്.

RNU TVPM

വിശദവിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ...
ഗോത്രമേഖലയിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്തൊക്കെയാണ്?

*

***************

*****************************************

RNU TVPM